# കേരള സർവകലാശാല

നം.പി.ആർ.203/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### 60 ലേഖനങ്ങൾ ഉൾക്കൊണ്ട റഫറൻസ് പുസ്തകം

കേരള സംസ്ഥാനം രൂപീകരിച്ചതിന്റെ അറുപതാം വാർഷികത്തോടനുബന്ധിച്ച് കേരള സർവകലാശാല 60 പഠനവിഷയങ്ങളിൽ 60 ലേഖനങ്ങൾ ഉൾക്കൊണ്ട റഫറൻസ് പുസ്തകം 2017-ൽ പ്രസിദ്ധീകരിക്കുന്നു. സർവകലാശാല ജനസമ്പർക്ക പരിപാടിയുടെ ഭാഗമായുള്ള ഈ സംരംഭത്തിന് ഇന്റേണൽ ക്വാളിറ്റി അഷുറൻസ് സെൽ ആണ് നേതൃത്വം നൽകുന്നത്.

കലാ, ഭാഷാ, സാഹിത്യ, ശാസ്ത്ര, സാങ്കേതിക, മാനവിക, കായിക വിഷയങ്ങളിൽ പ്രാഗൽഭ്യം തെളിയിച്ച സർവകലാശാല അദ്ധ്യാപകർ, മുൻ അദ്ധ്യാപകർ, പൂർവ വിദ്യാർത്ഥികൾ എന്നിവരാകും ലേഖകർ. പണ്ഡിത, പാമര ഭേദമന്യേ സമൂഹത്തിലെ എല്ലാ വിഭാഗത്തിലുള്ളവർക്കും പ്രയോജനപ്രദമാകുന്ന വിധമാകും പുസ്തകത്തിന്റെ ഉള്ളടക്കം ക്രമീകരിക്കുന്നത്.

യു.ജി.സി. എമിരറ്റസ് പ്രൊഫസറും കോമേഴ്സ് ഫാക്കൽറ്റി ഡീനുമായ ഡോ. എം. ശാർങ്ഗധരനാണ് പുസ്തകത്തിന്റെ ജനറൽ എഡിറ്റർ. സംരംഭവുമായി സഹകരിക്കാൻ താല്പര്യമുള്ള സർവകലാശാല അദ്ധ്യാപകർ, മുൻ അദ്ധ്യാപകർ, പൂർവ വിദ്യാർത്ഥികൾ എന്നിവർക്ക് ജനറൽ എഡിറ്ററുമായി ബന്ധപ്പെടാം. ഫോൺ : 9400154962.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
30.10.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ